# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2707 14.12.2015 - ൽ മറുപടിക്ക്

## മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എത്ര കുടിവെള്ളപദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ; ഇനി എത്ര എണ്ണത്തിന് നൽകാനുണ്ട്; | (എ) മലപ്പുറം മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 4 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇനി ഭരണാനുമതി ലഭിക്കേണ്ടതായ 5 പദ്ധതികൾക്കുള്ള ഡീറ്റെയിൽഡ് എഞ്ചിനീയറിങ്ങ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി പരിശോധിച്ചു വരുന്നു. |
| (ബി) കോഡൂർ കാലമ്പറമ്പ്, പെരിങ്ങോട്ടുപുലം പൂക്കാട്, മുണ്ടക്കോട് നിരപ്പിൽ, ചട്ടിപ്പറമ്പ് തണ്ണീർച്ചോല, ആനക്കയം പഞ്ചായത്തിലെ അമ്പലവട്ടം, ഉരുളിത്തല, ചേപ്പൂർ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദീകരിക്കുമോ ? | (ബി) 1. കാലമ്പറമ്പ് കുടിവെള്ള പദ്ധതി - കാലമ്പറമ്പ് പദ്ധതി അടക്കം കോഡൂർ ഗ്രാമ പഞ്ചായത്ത് മൊത്തം ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (17.78 കോടി രൂപ) തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br><br>2. പെരിങ്ങോട്ടുപുലം പൂക്കാട് കുടിവെള്ളപദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>3. മുണ്ടയ്ക്കോട് നിരപ്പിൽ, ചട്ടിപ്പറമ്പ് തണ്ണീർച്ചോല, ആനക്കയം, അമ്പലവട്ടം, ഉരുളിത്തല, ചേപ്പൂർ എന്നീ പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ